വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ-സി) ജിഗാബൈറ്റ് 17 മിഷൻ കണക്ടിവിറ്റി എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ അതിവേഗ ബ്രോഡ്ബാന്റ് കണക്ടിവിറ്റി ലഭ്യമാക്കുവാൻ വേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച National Optical Fibre Network (NOFN) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനായി ജിഗാബൈറ്റ് പാസീവ് ഒപ്റ്റിക്കൽ നെറ്റ്വർക്ക് സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. കേരളത്തിൽ NOFN പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Bharat Broadband Network Limited (BBNL) എന്ന സ്ഥാപനത്തിന് Right of Way ഉൾപ്പെടെയുള്ള അനുമതി നൽകുകയും നാളിതുവരെ 977 ഗ്രാമപഞ്ചായത്തുകളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലും OFC കണക്ടിവിറ്റി നൽകുകയും ചെയ്തിട്ടുണ്ട്. ഇതു മുഖാന്തിരം ഗ്രാമ പഞ്ചായത്ത് തലത്തിൽ 100 mbps വേഗതയോടുകൂടിയ ബ്രോഡ്ബാന്റ് കണക്ടിവിറ്റി നൽകുവാൻ കഴിയും. NOFN പദ്ധതിയിലൂടെ ഗ്രാമീണ പ്രദേശങ്ങൾ നേരിടുന്ന നെറ്റ്വർക്ക് കണക്ടിവിറ്റി അപര്യാപ്തതയ്ക്ക് പരിഹാരമാകും. സർക്കാരിന്റെ ഇ-ഗവേണൻസ് പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കും. NOFN പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുവാൻ വിവിധ സർക്കാർ വകുപ്പുകളുമായി കൂടി ആലോചിക്കുകയും വേണ്ട ഏകോപനം നടത്തുകയും ചെയ്തിട്ടുണ്ട്.

ബ്രഹ്മോസ്

12 (*642) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. ബി. സത്യൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രഹ്മോസിന്റെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ടോ ;

(ബി) ബ്രഹ്മോസ് ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ബ്രഹ്മോസിന്റെ ചെയർമാൻ DRDO, ISRO, ബ്രഹ്മോസ് ഏറോസ്പേസ് പ്രൈവറ്റ് ലിമിറ്റഡ് (BAPL) എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള അംഗങ്ങൾ, 2

LIBRARY ARCHIVES Kerala Legislative Assembly

സ്വതന്ത്ര ഡയറക്ടർമാർ, സംസ്ഥാന സർക്കാരിന്റെ പ്രതിനിധി എന്നിവരടങ്ങുന്ന ഡയറക്ടർ ബോർഡ്, ബ്രഹ്മോസ് ഏറോസ്പേസ് തിരുവനന്തപുരം ലിമിറ്റഡിന്റെ (BATL) പ്രവർത്തന പുരോഗതി പതിവായി അവലോകനം ചെയ്യുന്നുണ്ട്.

(ബി) രാജ്യത്തിന്റെ ബഹിരാകാശം, ആണവം, പ്രതിരോധം തുടങ്ങിയ തന്ത്ര പ്രധാനമായ മേഖലകളിൽ ആവശ്യമുള്ള ഉയർന്ന സാങ്കേതികവിദ്യ വേണ്ട ഉൽപ്പന്നങ്ങളുടെ നിർമ്മിതി, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, കമ്പനിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തൽ, കെൽടെകിലെ ജീവനക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കൽ എന്നിവ ലക്ഷ്യമിട്ടാണ് ബ്രഹ്മോസ് ഏറോസ്പേസ് (പ്രൈ) ലിമിറ്റഡ് രൂപീകരിച്ചത്. ബ്രഹ്മോസ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു:-

(i) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക :

കമ്പനി ഏറ്റെടുത്തതിനുശേഷം ISRO യിൽ നിന്നും 25 കോടി രൂപയുടെയും DRDO യിൽ നിന്ന് 50 കോടി രൂപയുടെയും ധനസഹായം ലഭിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉൽപ്പാദനശേഷി ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുവേണ്ടി കമ്പനിയും സ്വന്തം ആസ്തിയിൽനിന്നും യന്ത്രസാമഗ്രികൾക്കുവേണ്ടി നിക്ഷേപം നടത്തിയിട്ടുമുണ്ട്.

(ii) ജീവനക്കാർ :

എല്ലാ സ്ഥിരം ജീവനക്കാരെയും നിലനിർത്തിക്കൊണ്ടും ഏതാനും വിഭാഗത്തിലുള്ള കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തിയും 2008-ലും 2013-ലും രണ്ടു പ്രാവശ്യമായി വേതനാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചും കമ്പനി ജീവനക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചിട്ടുണ്ട്.

(iii) സാമ്പത്തിക സ്ഥിതി :

കേരള സർക്കാർ കെൽടെക്കിന്റെ വസ്തുവകകളും ബാധ്യതകളും ജീവനക്കാരുമുൾപ്പെടെ ഡിസംബർ 2007-ൽ ബ്രഹ്മോസ് ഏറോസ്പേസ് (പ്രൈ) ലിമിറ്റഡിന് (BAPL) കൈമാറിയിട്ടുണ്ട്. കെൽടെക്കിന്റെ പേര് ബ്രഹ്മോസ് ഏറോസ്പേസ്, തിരുവനന്തപുരം ലിമിറ്റഡ് എന്ന് പുനർ നാമകരണം ചെയ്തിട്ടുള്ളതുമാകുന്നു. ഡിസംബർ 2007-ൽ ഏറ്റെടുക്കുമ്പോൾ കമ്പനിയുടെ മൂലധനം 20.56 കോടി രൂപയും സഞ്ചിത നഷ്ടം 18.65 കോടി രൂപയുമായതിൻ പ്രകാരം ആകെ ആസ്തി 1.91 കോടി രൂപയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കമ്പനി ഏറ്റെടുത്തതിനുശേഷം 2007-08-ൽ വിറ്റുവരവ് 14.11 കോടി രൂപയായിരുന്നത് 2014-15-ൽ 43.50 കോടി രൂപയായി ഉയർന്നു. 2007 ഡിസംബറിൽ കമ്പനി ഏറ്റെടുത്തതിനു ശേഷമുള്ള ആദ്യ കാലയളവിൽ കമ്പനി ലാഭമുണ്ടാക്കിയിരുന്നെങ്കിലും തുടർന്ന് 2013-14 വരെയുള്ള നാല് വർഷങ്ങളിൽ കമ്പനിയ്ക്ക് നഷ്ടം സഹിക്കേണ്ടി വരികയും തൻമൂലം സഞ്ചിത നഷ്ടം 24.20 കോടി രൂപയോളം ആകുകയും ചെയ്തു. ഇത് പ്രധാനമായും ഏറ്റെടുക്കൽ സമയത്തുണ്ടായിരുന്ന സഞ്ചിത നഷ്ടം മുന്നോട്ട് എടുത്തതിനാലും 2008-ലും പിന്നീട് 2013-ലുമായി രണ്ടു പ്രാവശ്യം നടത്തിയ ജീവനക്കാരുടെ വേതന വർദ്ധനവിനാലും ആയിരുന്നു. അങ്ങനെ ആകെ ആസ്തി 3.64 കോടി രൂപയോളം കുറവിലേയ്ക്ക് എത്തിച്ചേരുകയും ചെയ്തു. അനന്തര ഫലമായി കമ്പനി BIFR-ലേയ്ക്ക് റഫർ ചെയ്യപ്പെടുകയുണ്ടായി.

പ്രൊവിഷണൽ കണക്കുകൾ പ്രകാരം 2014-15 വർഷത്തിൽ കമ്പനി 43.59 കോടിയുടെ വിറ്റുവരവും 0.79 കോടിയുടെ ലാഭവും നേടി. തൽഫലമായി സഞ്ചിത നഷ്ടം 23.41 കോടി രൂപയായി കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. മത്സരമേറിയ വിപണിയിൽ നിലയുറപ്പിക്കുന്നതിനായി കമ്പനി ഉൽപ്പാദന ശ്രേണി വിപുലീകരിക്കുകയും വർദ്ധിത മൂല്യമുള്ള ഉപഭോക്താക്കളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നുണ്ട്. ISRO, BAPL, DRDL മുതലായ വർദ്ധിതമൂല്യമുള്ള ഉപഭോക്താക്കളിൽ നിന്നും ഭാവിയിൽ കൂടുതൽ ഓർഡറുകൾ നേടാൻ കമ്പനി ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ഉൽപ്പാദനവും വിൽപ്പനയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ കമ്പനി ആസൂത്രണം ചെയ്തിട്ടുണ്ട്. വിൽപ്പന ടാർജറ്റ് ക്രമാനുഗതമായി വർദ്ധിപ്പിച്ചുകൊണ്ടും മെച്ചപ്പെട്ട ഉൽപ്പാദനക്ഷമത കൈവരിച്ചും സഞ്ചിത നഷ്ടം പടിപടിയായി ഇല്ലായ്മ ചെയ്യാമെന്നും കമ്പനിയുടെ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കാമെന്നും പ്രതീക്ഷിക്കുന്നു.

വിദ്യാർത്ഥി-യുവജന സംരംഭക പദ്ധതി

13 (*643) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാർത്ഥി-യുവജന സംരംഭക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ നടപ്പിലാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly